പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3834 17.12.2015-ൽ മറുപടിക്ക്

## കുളത്തൂപ്പുഴ കെ.എസ്.ആർ.റ്റി.സി ഓപ്പറേറ്റിംഗ് സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കുളത്തൂപ്പുഴ കെ.എസ്.ആർ.റ്റി.സി ഓപ്പറേറ്റിംഗ് സെന്റർ ഒരു സബ് ഡിപ്പോ ആയി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ; | (എ) യും (ബി) യും | ഒരു ഓപ്പറേറ്റിംഗ് സെന്റർ സബ്ബ് ഡിപ്പോ ആയി ഉയർത്തുമ്പോൾ ആയതിലേക്കാവശ്യമായി സ്ഥലവും കെട്ടിടവും മറ്റ് അനുബന്ധ ചെലവുകളും ബന്ധപ്പെട്ട നഗരസഭയോ ഗ്രാമ പഞ്ചായത്തോ അതുമല്ലെങ്കിൽ എം.എൽ.എ, എം.പി ഫണ്ടിൽ നിന്നും ചെലവിട്ടാലും തുടർ പ്രവർത്തന ചെലവുകൾക്ക് കെ.എസ്.ആർ.ടി.സി പ്രതിമാസം ഏറ്റവും കുറഞ്ഞത് 50 ലക്ഷം രൂപയെങ്കിലും ചെലവാക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ യാതൊരു വിധത്തിലുള്ള ബാധ്യതയും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ കുളത്തൂപ്പുഴ ഓപ്പറേറ്റിംഗ് സെന്റർ സബ്ബ് ഡിപ്പോ ആയി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ബഹുജന പങ്കാളിത്തത്തോടെ ആരംഭിച്ച ടി സെന്ററിലേക്ക് കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് വാങ്ങി നൽകിയ 3 ഏക്കർ സ്ഥലത്ത് സബ് ഡിപ്പോ ആരംഭിക്കാമെന്ന കെ.എസ്.ആർ.റ്റി.സി. യുടെയും സർക്കാരിന്റെയും ഉറപ്പ് പാലിക്കാതിരിക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുമോ; | | |
| (സി) | ടി ഓപ്പറേറ്റിംഗ് സെന്ററിലെ ഡ്രൈവർമാരുടെ കുറവ് നികത്താനും ബസുകളുടെ കുറവ് നികത്താനും നടപടികൾ സ്വീകരിക്കുമോ; കുളത്തൂപ്പുഴ-കൊല്ലം വേണാട് ചെയിൻ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുവാൻ വേണ്ടി | (സി) | പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.<br>ഡ്രൈവർമാരുടെ കുറവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>കൊല്ലത്ത് നിന്നും കുളത്തൂപുഴയിൽ നിന്നും 2 ബസ്സുകൾ വീതം അധികം നൽകി |

| | | | |
|---|---|---|---|
| | കുളത്തൂപ്പുഴയിൽ നിന്നും 2 ബസ്സും കൊല്ലം ഡിപ്പോയിൽ നിന്ന് 2 ബസ്സും സർവ്വീസ് നടത്തുമെന്ന തീരുമാനം നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത തീരുമാനം അടിയന്തരമായി നടപ്പാക്കുമോ? | | 20 മിനിട്ട് ഇടവിട്ട് 14 ബസുകൾ ഇപ്പോൾ പ്രസ്തുത മേഖലയിലൂടെ സർവ്വീസ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ